"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി - അനധികൃത കരിങ്കല്ല് ഖനനം -ഡിമാന്റ് തുക തവണകളായി ഒടുക്കുന്നതിന് അനുമതി ആവശ്യപ്പെട്ട് ശ്രീ.സിദ്ധാർത്ഥൻ തിയ്യക്കണ്ടി, തിയ്യക്കണ്ടി ഹൗസ്, ചീക്കിലോട്, കോഴിക്കോട് സമർപ്പിച്ച അപേക്ഷയിൽ അനുമതി നൽകി ഉത്തരവാകുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.730/2025/ID തീയതി,തിരുവനന്തപുരം, 17-06-2025

---

പരാമർശം:-

1. കോഴിക്കോട് ജില്ലാ ജിയോളജിസ്റ്റിന്റെ 22.07.2024 തീയതിയിലെ DOKOZ-DMG/281/2024-M നമ്പർ ഡിമാന്റ് നോട്ടീസ്.
2. ശ്രീ.സിദ്ധാർത്ഥൻ തിയ്യക്കണ്ടി, തിയ്യക്കണ്ടി ഹൗസ്, ചീക്കിലോട്, കോഴിക്കോട് സമർപ്പിച്ച അപേക്ഷ
3. മൈനിംഗ് & ജിയോളജി ഡയറക്ടറുടെ 03.05.2025 തീയതിയിലെ ഡിഎംജി/3591/2024-എം5 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി താലൂക്കിൽ അത്തോളി വില്ലേജിൽ റീ.സർവ്വേ നം.15/3 ൽപ്പെട്ട 0.3914 ഹെക്ടർ ഭൂമിയിൽ നിന്നും കരിങ്കൽ ഖനനത്തിന് ശ്രീ.സിദ്ധാർത്ഥൻ തിയ്യക്കണ്ടി, തിയ്യക്കണ്ടി ഹൗസ്, ചീക്കിലോട്.പി.ഒ, അത്തോളി, കോഴിക്കോട് എന്ന വ്യക്തിക്ക് നൽകിയ അനുമതിയുടെ മറവിൽ പെർമിറ്റ് ഏരിയയ്ക്ക് പുറത്തു നിന്നും, ബഫർസോണിൽ നിന്നും ആകെ 4781 ക്യൂ.മീറ്റർ കരിങ്കല്ല് അനധികൃതമായി ഖനനം ചെയ്തതായി കണ്ടെത്തിയതിനെ തുടർന്ന് ആയതിന് റോയൽറ്റി, വില, കോംപൗണ്ടിംഗ് ഫീസിനത്തിൽ ആകെ 31,68,600/- രൂപ ഒടുക്കുന്നതിന് കോഴിക്കോട് ജിയോളജിസ്റ്റ് 22.07.2024 തീയതിയിൽ പരാമർശം (1) പ്രകാരം ഒരു ഡിമാന്റ് നോട്ടീസ് നൽകിയിരുന്നു. എന്നാൽ കോഴിക്കോട് ജിയോളജിസ്റ്റ് ഡിമാന്റ് ചെയ്ത പിഴ തുക ഈടാക്കുന്നതിന് 6 തവണകൾ അനുവദിക്കണമെന്നും, ആദ്യ ഗഡു അടച്ച് ക്വാറിയിംഗ് പെർമിറ്റ് പുനഃസ്ഥാപിക്കുന്നതിന് അനുമതി നൽകണമെന്നും ആവശ്യപ്പെട്ട് ശ്രീ.സിദ്ധാർത്ഥൻ തിയ്യക്കണ്ടി, തിയ്യക്കണ്ടി ഹൗസ്, ചീക്കിലോട്.പി.ഒ, അത്തോളി, കോഴിക്കോട് പരാമർശം (2) പ്രകാരം സർക്കാരിൽ ഒരു അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2. ഇതു സംബന്ധിച്ച് മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി താലൂക്കിൽ അത്തോളി വില്ലേജിൽ റീസർവ്വേ നമ്പർ 15/3 ൽപ്പെട്ട 0.3914 ഹെക്ടർ സ്ഥലത്തേയ്ക്ക് കരിങ്കൽ ഖനനം നടത്തുന്നതിനു വേണ്ടി കോഴിക്കോട് ജില്ല ഓഫീസിൽ നിന്നും 05.05.2023 തീയതിയിൽ 12/2023-

24/ജിഎസ്/ക്യുപി/ഡിഒകെഒസെഡ്-ഡിഎംജി/310/2023-എം നമ്പറായി ശ്രീ. സിദ്ധാർത്ഥൻ തീയക്കണ്ടി, ചീക്കിലോട് പോസ്റ്റ്, അത്തോളി, കോഴിക്കോട് എന്നയാൾക്ക് അനുവദിച്ചിരുന്ന ക്വാറിയിങ് പെർമിറ്റിന്റെ കാലാവധി 04.05.2024 തീയതിയിൽ അവസാനിച്ചിരുന്നു. എന്നാൽ മേൽ സ്ഥലത്ത് നിന്നും അനധികൃതമായി കരിങ്കൽ ഖനനം നടത്തിയതായി ജില്ലാ ജിയോളജി ഓഫീസിൽ പരാതി ലഭിച്ചതിനെ തുടർന്ന് 06.05.2024 തീയതിയിൽ കോഴിക്കോട് ജില്ല ഓഫീസിൽ നിന്നും നടത്തിയ സ്ഥല പരിശോധനയിൽ അനുവദനീയമായ സ്ഥലത്തിനു പുറത്തു നിന്നും, ബഫർ ഏരിയയിൽ നിന്നും ഖനനം നടത്തിയതായി കണ്ടെത്തിയതിനെ തുടർന്ന് ശ്രീ സിദ്ധാർത്ഥൻ എന്നവർക്ക് 07.05.2024 തീയതിയിൽ കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ആയതിന് ടിയാൻ സമർപ്പിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ അനുവദനീയമായ സ്ഥലത്തിനു പുറത്തു നിന്നും ഖനനം നടത്തിയ 4046 ഘന മീറ്റർ കരിങ്കല്ലും, ബഫർ ഏരിയയിൽ നിന്നും ഖനനം നടത്തിയ 735 ഘനമീറ്റർ കരിങ്കല്ലും ചേർത്ത് ആകെ അനധികൃതമായി ഖനനം നടത്തിയ 4781 ഘന മീറ്റർ കരിങ്കല്ലിന്റെ റോയൽറ്റി, വില ഇനത്തിൽ 28,68,600/- രൂപയും, കോമ്പൌണ്ടിംഗ് ഫീസായി 3,00,000/-രൂപയും ചേർത്ത് മൊത്തം 31,68,600/ (മുപ്പത്തിയൊന്നുലക്ഷത്തി അറുപത്തിയെട്ടായിരത്തി അറുനൂറ്) രൂപ ഒടുക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകിയത്. ടി തുക തവണകളായി ഒടുക്കുന്നതിനാണ് ടിയാൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. തുക തവണകളായി ഒടുക്കുന്നതിന് അനുമതി നൽകാവുന്നതാണ്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ.സിദ്ധാർത്ഥൻ തിയ്യക്കണ്ടി, കോഴിക്കോട് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി താലൂക്കിൽ അത്തോളി വില്ലേജിൽ റീസർവ്വേ നമ്പർ 15/3 ൽപ്പെട്ട 0.3914 ഹെക്ടർ സ്ഥലത്ത് നിന്നും അനധികൃതമായി കരിങ്കല്ല് ഖനനം ചെയ്ത് നീക്കം ചെയ്തതിന് കോഴിക്കോട് ജിയോളജിസ്റ്റ് ഡിമാന്റ് ചെയ്ത 31,68,600/- രൂപ കെ.എം.എം.സി (ഭേദഗതി) ചട്ടങ്ങളിലെ ചട്ടം 115 പ്രകാരം ആറ് തുല്യമാസ ഗഡുക്കളായി ഒടുക്കുന്നതിന്, മാസഗഡു അടയ്ക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ച വരുത്തിയാൽ പിന്നീട് ഗഡുക്കളായി അടയ്ക്കുന്നതിന് അവസരം നഷ്ടപ്പെടുമെന്ന വ്യവസ്ഥയിൽ ശ്രീ.സിദ്ധാർത്ഥന് അനുമതി നൽകിക്കൊണ്ടും, ആദ്യ ഗഡു ഒടുക്കുന്നതോടു കൂടി ക്വാറിയിംഗ് പെർമിറ്റ് പുതുക്കുന്നത് സംബന്ധിച്ച് പരിശോധിച്ച് നിയമപ്രകാരം മറ്റു തരത്തിൽ യോഗ്യമാണെങ്കിൽ അനുയോജ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് കോഴിക്കോട് ജില്ലാ ജിയോളജിസ്റ്റിന് നിർദ്ദേശം നൽകിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
അഡിഷണൽ സെക്രട്ടറി

ശ്രീ.സിദ്ധാർത്ഥൻ തിയ്യക്കണ്ടി, തിയ്യക്കണ്ടി ഹൗസ്, ചീക്കിലോട് പി.ഒ, അത്തോളി, കോഴിക്കോട് - 673 315.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം.

ജില്ലാ ജിയോളജിസ്റ്റ്, കോഴിക്കോട്.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
Date: 17-06-2025 16:17:51

സെക്ഷൻ ഓഫീസർ